പതിമൂന്നാംകേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7294

16.07.2012 - ൽ മറുപടിക്ക്

# റോഡുകൾ നവീകരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>'' സി.പി. മുഹമ്മദ്<br>'' കെ. മുരളീധരൻ<br>'' റ്റി.എൻ. പ്രതാപൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന റോഡുകൾ നവീകരിക്കുന്നതിന് കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കിലോമീറ്റർ റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള ഒരു റോഡു വികസനപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിലേയ്ക്കായി റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രവർത്തനമാരംഭിച്ചു. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 367 കി.മീ. ദൈർഘ്യമുള്ള 7 റോഡുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും 1000 കി.മീ. റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയപാതാ വിഭാഗത്തിൽ ദേശീയ പാതാവികസന പദ്ധതിയിൽ Phase II & III -ൽ ഉൾപ്പെടുത്തി എൻ.എച്ച്.47-ഉം, 17 – ഉം 4/6 വരി പാതയായി ബി.ഒ.റ്റി സ്കീമിൽ വികസിപ്പിച്ചു വരുന്നു. കൂടാതെ മറ്റ് ദേശീയപാതകളായ എൻ.എച്ച്.49, 208, 212, 213, 220 എന്നിവ പേവ്ഡ് ഷോൾഡറോട്ടു കൂടിയ രണ്ടു വരിപാതയായി ദേശീയപാതാവികസന |

പദ്ധതി IV -ൽ പ്പെടുത്തി DBFOT സ്കീമിൽ വികസിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏകദേശം 5100 കോടി രൂപയാണ് സംസ്ഥാന റോഡ് വികസന പദ്ധതിയുടെ അടങ്കൽ ചെലവ് പ്രതീക്ഷിക്കുന്നത്. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ 2942 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ദേശീയപാതാ വിഭാഗത്തിൽ BOT/ DBFOT വ്യവസ്ഥയിൽ ഉൾപ്പെട്ടുവരുന്ന പദ്ധതികൾക്ക് കൺസഷണർ കമ്പനി മുതൽ മുടക്കുകയും വ്യവസ്ഥകൾക്ക് വിധേയമായി ചെലവാക്കിയ തുക ടോൾ വഴി വസൂലാക്കുന്നതുമാണ്.

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയും, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തുമാണ് സംസ്ഥാന റോഡു വികസന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ കരട് റിപ്പോർട്ട് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ശുപാർശക്കായി സമർപ്പിച്ചിരിക്കുകയാണ്. ലോക ബാങ്ക്, സംസ്ഥാന സർക്കാർ, മറ്റ് ഫണ്ടിംഗ് ഏജൻസി എന്നിവ വഴിയാണ് കെ.എസ്.ടി.പി. പദ്ധതിയുടെ ഫണ്ട് കണ്ടെത്തുന്നത്.

സെക്ഷൻ ഓഫീസർ